പതിനാലാം കേരള നിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 5727 — 3/11/2016 ൽ മറുപടിക്ക്

# പോളി ക്ലിനിക്കുകൾ

| ചോദ്യം | | മറുപടി |
|---|---|---|
| ശ്രീ. മോൻസ് ജോസഫ്: | | അഡ്വ .കെ.രാജു (വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പ് മന്ത്രി). |
| എ) 2015-16 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ ഉൾപ്പെടുത്തിയിരുന്നതും തെരഞ്ഞെടുപ്പ് പെരുമാറ്റച്ചട്ടം വന്നതിനാൽ നടക്കാതെ പോയതുമായ വെറ്ററിനറി പോളി ക്ലിനിക്കുകൾ അനുവദിക്കുന്നതു സംബന്ധിച്ച് സർക്കാർ എന്ത് നടപടി സ്വീകരിച്ചു എന്ന് വ്യക്തമാക്കാമോ; | എ) | വെറ്ററിനറി പോളിക്ലിനിക്കുകൾ അനുവദിക്കുമ്പോൾ സീനിയർ വെറ്ററിനറി സർജൻ, വെറ്ററിനറി സർജൻ, ലാബ് ടെക്നീഷ്യൻ, ക്ലാർക്ക് , ഫീൽഡ് ആഫീസർ എന്നീ തസ്തികകൾ പുതുതായി സൃഷ്ടിക്കേണ്ടിവരുമെന്നതിനാൽ സർക്കാരിന് അധിക സാമ്പത്തിക ബാധ്യത ഉണ്ടാകും. നിലവിലുള്ള സാമ്പത്തിക സ്ഥിതിയിൽ സർക്കാരിന് അധിക ബാദ്ധ്യത ഏറ്റെടുക്കുവാൻ കഴിയാത്തതിനാൽ തൽക്കാലം വെറ്ററിനറി പോളിക്ലിനിക്കുകൾ അനുവദിക്കുവാൻ നിർവ്വാഹമില്ല. |
| ബി) കോട്ടയം ജില്ലയിൽ കടുത്തുരുത്തി നിയോജക മണ്ഡലത്തിൽ അനുവദിച്ച വെറ്ററിനറി പോളിക്ലിനിക്കിന് ആവശ്യമായ എന്തെല്ലാം തുടർ നടപടികൾ സ്വീകരിച്ചു എന്ന് വ്യക്തമാക്കാമോ; | ബി) | കോട്ടയം ജില്ലയിലെ കടുത്തുരുത്തി നിയോജക മണ്ഡലത്തിൽ വെറ്ററിനറി പോളിക്ലിനിക്ക് അനുവദിച്ചിട്ടില്ല. കടുത്തുരുത്തി മൃഗാശുപത്രി വെറ്ററിനറി പോളിക്ലിനിക്കായി ഉയർത്തുന്ന കാര്യം സർക്കാർ പരിശോധിച്ച് വരുന്നു. |
| സി) പ്രസ്തുത പോളിക്ലിനിക്കിന് ആവശ്യമായ തസ്തികകൾ പുനർ വിന്യാസത്തിലൂടെ നടപ്പിൽ വരുത്തുവാൻ നടപടി സ്വീകരിക്കുമോ? | സി) | മൃഗസംരക്ഷണ വകുപ്പിൽ പുനർവിന്യസിക്കുവാൻ തസ്തികകൾ ഇല്ല. |

സെക്ഷൻ ഓഫീസർ